# SYRO MALANKARA CATHOLIC CHURCH
## ARCHDIOCESE OF TIRUVALLA

**Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

Archbishop's House, Marygiri,
P. B. No. 4, Tiruvalla -689101.

**Circular No. 03/ 2022**

18. 03. 2022.

ബഹു. ജനറാളച്ചന്മാരെ, കോർഎപ്പിസ്ക്കോപ്പാമാരെ, വൈദിക സഹോദരങ്ങളെ, സന്യസ്തരെ, പ്രിയ അല്മായ സഹോദരങ്ങളെ!

നമ്മെ എല്ലാവരേയും വളരെ ഏറെ ഭാരപ്പെടുത്തുന്ന ഒരു കാര്യമാണ് ക്രൈസ്തവരുടെമേൽ വർദ്ധിച്ചുവരുന്ന ആക്രമണങ്ങളും ദൈവനിഷേധവും. സംഘടിതമായും ശക്തമായും മനുഷ്യനെ ആക്രമിക്കുകയും സത്യദൈവത്തിൽ നിന്ന് അകന്നു പോകാൻ പ്രേരിപ്പിക്കുന്നതരത്തിലുള്ള ഒരു അവസ്ഥ ഇന്ന് ഭീതിജനകമാംവിധം വളർന്നിരിക്കുകയാണ്. ക്രൈസ്തവ സമൂഹത്തെ ഒന്നടങ്കം ഭാരപ്പെടുത്തുന്ന അനേകം കാര്യങ്ങൾ അനുദിനം ഉണ്ടാകുന്നു. ചില സാഹചര്യങ്ങളിൽ നമ്മുടെ ക്രൈസ്തവ സഹോദരങ്ങളും, സഭയിലെ പുരോഹിതരും ഏറെ പ്രതിക്കൂട്ടിലാകുന്ന തരത്തിൽ കാര്യങ്ങൾ നീങ്ങുന്നു. സാധാരണ ജനങ്ങളുടെ വിശ്വാസം വളരെ ഏറെ ക്ഷയിക്കുന്ന ഒരനുഭവം ഉണ്ടാകുന്നു. പ്രത്യേകിച്ച് നമ്മുടെ ചെറുപ്പക്കാരും കുഞ്ഞുങ്ങളും ഇതിലുൾപ്പെടുന്നു. അവർക്ക് വളരാനുള്ള ദൈവീകമായ സാഹചര്യങ്ങൾ ഇല്ലാതാക്കപ്പെടുന്നു. ഇതിന് എല്ലാം പുറകിൽ സംഘടിതമായ തിന്മയുണ്ട് എന്ന് മനസ്സിലാക്കാം. ഈ തിന്മ, കർത്താവ് പറഞ്ഞതുപോലെ "നോമ്പും ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ ഒഴിഞ്ഞ് പോകില്ലാ" (മത്താ. 17:21, മർക്കോ 9:29) എന്ന് നമുക്ക് അറിയാം.

നമ്മുടെ ശത്രു വളരെ ശക്തനാണ്. അവൻ എത്ര പ്രബലനായാലും നമുക്ക് ദൈവീക ശക്തികൊണ്ട് അവനെ നേരിടാൻ സാധിക്കും. വചന വായനയും, വിശുദ്ധമായ ജീവിതചര്യകളും, പ്രാർത്ഥനയും, മാനസാന്തരവും ഇവിടെ പ്രധാനപ്പെട്ടതാണ്. ഗലാത്തിയ 5 ന്റെ 16 മുതൽ 26 വരെയുള്ള വാക്യങ്ങളിൽ പറയുന്നു: "ആത്മാവിന്റെ പ്രേരണയനുസരിച്ചു വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ, ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്; ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നതു നിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ നിങ്ങൾക്കു സാധിക്കാതെ വരുന്നു. ആത്മാവ് നിങ്ങളെ നയിക്കുന്നെങ്കിൽ നിങ്ങൾ നിയമത്തിനു കീഴല്ല. ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം. മദ്യപാനം, മദിരോത്സവം ഇവയും ഈദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു. എന്നാൽ, ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല. യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു. നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്കു ആത്മാവിൽ വ്യാപരിക്കാം. നാം പരസ്പരം പ്രകോപിപ്പിക്കുന്നവരും അസൂയപ്പെടുന്നവരും വ്യർത്ഥാഭിമാനികളും ആകാതിരികട്ടെ".

ഈ പശ്ചാത്തലത്തിലാണ് സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി ഈ വർഷം സഭയെ സംബന്ധിച്ച് ഒരു പുതുക്കത്തിന്റെ സമയമായി നാം സ്വീകരിക്കണമെന്ന് ആഹ്വാനം ചെയ്തത്. 2022 മാർച്ച് 7

മുതൽ നടന്ന പരി. സുന്നഹദോസിൽ അത്യഭിവന്ദ്യ ബാവാതിരുമേനി ഈ ഒരു ആഗ്രഹം പ്രകടിപ്പിക്കുകയും പിതാക്കന്മാർ ഒന്നടങ്കം അതിന് പൂർണ്ണമായ പിന്തുണ നല്കുകയുമായിരുന്നു. നമ്മെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഈ നവീകരണം എങ്ങനെ നമ്മുടെ വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും കൊണ്ടുവരുമെന്നതാണ്. നമ്മൾ ഒരോരുത്തരും അവരവർക്ക് ലഭിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി ജീവിക്കുവാൻ കടപ്പെട്ടവരാണ്. നാം നമ്മുടെ വിളി മറന്നുപോകാൻ ഇടയാകാത്ത തരത്തിലുള്ള വലിയ ഒരുക്കം, ശക്തി സംഭരണം, നവീകരണം എന്നിവ ആവശ്യമാണ്. അത്യഭിവന്ദ്യ ബാവാപിതാവിന്റെ ആഗ്രഹം അനുസരിച്ച് രൂപതകളുടെ ആരംഭക്രമമനുസരിച്ച് 2022 മാർച്ച് മാസം മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന നവീകരണ പ്രവർത്തനങ്ങളാണ് നാം അനുഷ്ഠിക്കുവാൻ പോകുന്നത്. മാർച്ച് മാസം തിരുവനന്തപുരം അതിഭദ്രാസനവും, ഏപ്രിൽ മാസം തിരുവല്ല അതിഭദ്രാസനവുമാണ് അതിന് ക്രമീകരണങ്ങൾ ചെയ്യുന്നത്. ഏപ്രിൽ മാസത്തെ നവീകരണയജ്ഞം ഏറ്റം അർത്ഥവത്തായി നമുക്ക് നടത്താം. എല്ലാവരും ഇതിൽ പങ്കുചേരണം.

ഏപ്രിൽ മാസം നോമ്പിന്റെ സമാപനത്തിലേക്ക് കടക്കുന്ന ദിവസങ്ങൾ ആണല്ലോ. പ്രത്യേകിച്ചും ഹാശാ ആഴ്ച. ഈ ദിവസങ്ങൾ നമുക്ക് ഏറെ ഭക്തിയാദരപൂർവ്വം ആചരിക്കുവാൻ, അനുഷ്ഠിക്കുവാൻ സാധിക്കും. ഒന്നാമതായി കൊറോണ എന്ന വലിയ വിപത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ബന്ധങ്ങൾക്ക് വളരെ കുറവ് സംഭവിച്ചിരിക്കുന്നു. നാം ഏറെ ഉൾവലിഞ്ഞു, ഭവനസന്ദർശനങ്ങൾ നാമമാത്രമായി. കൊറോണാകാലത്ത് രോഗികളെ സന്ദർശിക്കുന്നതും അവരെ ആത്മീകമായി ഒരുക്കുന്നതും അത്ര എളുപ്പമുള്ള ഒന്നായിരുന്നില്ല എന്ന് നമുക്കറിയാം. ആയതിനാൽ ഈ നവീകരണവർഷ പരിപാടികൾ കുടുംബങ്ങളെ കേന്ദ്രീകരിച്ച് നടപ്പാക്കാൻ നമുക്ക് ശ്രദ്ധിക്കാം. ഏപ്രിൽ ഒന്നു മുതൽ 17 വരെ ഉയിർപ്പുദിവസംവരെയുള്ള ദിവസങ്ങളിൽ നമ്മുടെ എല്ലാ ഇടവകകളിലും പ്രഭാത പ്രാർത്ഥനയും വി. കുർബാനയും, വൈകുന്നേരങ്ങളിലെ സന്ധ്യാപ്രാർത്ഥനയും നടത്തുകയും അതിൽ എല്ലാ ഇടവകമക്കളും വന്നുപങ്കുചേരുകയും വേണം. നമുക്ക് ഈ അവസരത്തിൽ തന്നെ നമ്മുടെ ആത്മീകമായ കാര്യങ്ങൾ കുറേക്കൂടി ബലപ്പെടുത്താനും, മെച്ചമാക്കുവാനും ശ്രമിക്കാം. എല്ലാവരും കുമ്പസാരിച്ച് വിശുദ്ധ കുർബാനയ്ക്ക് ഒരുങ്ങുന്ന നാളുകൾ ആണല്ലോ നോമ്പിന്റെ നാളുകൾ. ആത്മീകമായ ഉണർവ്വും ഉന്മേഷവും ഇതിലൂടെ നമുക്ക് ലഭിക്കും എന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിലും അതായത് വൈദികർ താമസമുള്ളിടത്തും അല്ലാത്തിടത്തും ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. ഇതിനായി നമ്മുടെ ഇടവകമക്കളെ ചേർത്തുകൊണ്ടുവരുമ്പോൾതന്നെ സമൂഹത്തിൽ വലിയ ഒരു മാറ്റം സംഭവിക്കും തീർച്ച. 18 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ വിവിധ പ്രേക്ഷിത സംഘടനകളുടെ (എം. സി. സി. എൽ/ എം. സി. വൈ. എം/ എം. സി. എ./ എം. സി. എം. എഫ്/ വിൻസെന്റ് ഡി പോൾ/ ലീജിയൻ ഓഫ് മേരി/ വിവിധ പ്രാർത്ഥനാ കൂട്ടായ്മകൾ/ മദ്ബഹാശുശ്രൂഷകർ/ സുവിശേഷസംഘം/ കമ്മറ്റി അംഗങ്ങൾ) നേതൃത്വത്തിൽ പ്രഭാതനമസ്ക്കാരവും വി. കുർബാനയും, സന്ധ്യാപ്രാർത്ഥനയും നടത്തി നവീകരണാനുഭവം ശക്തമാക്കാം.

**2.** നമ്മുടെ നവദമ്പതികളുടെ കുടുംബങ്ങളെ, പ്രത്യേകിച്ചും വിവാഹിതരായി കുടുംബജീവിതം ആരംഭിക്കുന്ന ആദ്യത്തെ പത്തുവർഷത്തിലുള്ളിലുള്ള ദമ്പതികളെ ഉദ്ദേശിച്ച് നമ്മുടെ സഭയിൽ ഒരു ശുശ്രൂഷ പുതുതായി ആരംഭിക്കുന്നു. 'Ministry to the young families' വളരെ അനുഗ്രഹീതമായ ഒരു ശുശ്രൂഷയായി ഇത് മാറും എന്ന് വിശ്വസിക്കുന്നു. വിവാഹിതരായവരെ അനുഗമിക്കേണ്ടതും അവരുടെ ഭാരങ്ങളിലും ബുദ്ധിമുട്ടുകളിലും അവരെ കൂടെനിന്ന് സഹായിക്കേണ്ടതും പരി. സഭയാണ്. സഭയുടെ ഈ മഹത്തായ ശുശ്രൂഷ ഈ ഒരു അവസരത്തിൽ സമാരംഭിക്കുകയാണ്. നമ്മുടെ നവദമ്പതികളുടെ കുടുംബങ്ങളെ വളരെ ശക്തമായി നമുക്ക് കരുതേണ്ടതുണ്ട്. പ്രത്യേകിച്ച് വർദ്ധിച്ചുവരുന്ന പ്രതിസന്ധികളുടെ നടുവിൽ ബന്ധങ്ങൾക്ക് വളരെ പരിമിതമായ ദൈർഘ്യവും പ്രാധാന്യവും കല്പ്പിക്കുന്ന ഒരു കാലഘട്ടത്തിൽ ശക്ത

മായ കുടുംബ ബന്ധങ്ങൾക്കുവേണ്ടി, ദൈവവിശ്വാസമുള്ള ഒരു തലമുറയെ രൂപീകരിക്കുന്നതിനുവേണ്ടി സഭ ഇപ്രകാരം ആലോചിക്കുന്നു. എല്ലാവരും ഇതിൽ പങ്കുചേരണം എന്ന് അറിയിക്കുന്നു. ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ യഥാസമയങ്ങളിൽ നിങ്ങളിൽ എത്തുന്നതാണ്.

**3.** സുനഹദോസ് ആവശ്യപ്പെട്ട മറ്റൊരു പ്രധാന കാര്യം പുനരൈക്യത്തിന്റെ 92-ാമത് വാർഷികം സഭയായി തിരുവല്ല അതിഭദ്രാസനം ഏറ്റെടുക്കണം എന്നുള്ളതാണ്. നമ്മുടെ അതിഭദ്രാസനത്തിന്റെ നവതിയുടെ സമാപനം വളരെ പ്രധാനപ്പെട്ട ഒന്നാണല്ലോ. ഇത് മനസ്സിൽ കണ്ടുകൊണ്ട് വളരെ ലളിതമായ രീതിയിൽ ആചരിക്കുവാനുള്ള പിതാക്കന്മാരുടെ ആഹ്വാനം നമുക്ക് ശിരസ്സാവഹിക്കാം. 1930 ൽ സമാരംഭിച്ച പുനരൈക്യ ശുശ്രൂഷയുടെ 92-ാമത്തെ വാർഷികത്തിൽ നമുക്ക് അതിന് വേദി ഒരുക്കാം, ആതിഥേയരാകാം, പ്രാർത്ഥനയോടുകൂടി നമുക്കിത് സമാരംഭിക്കാം. നമ്മുടെ കത്തീഡ്രൽ അംങ്കണത്തിൽ അതിനുവേണ്ടിയുള്ള ക്രമീകരണം ചെയ്യണം എന്നുള്ളതാണ് പിതാക്കന്മാർ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന്റെ ആലോചനകൾ പാസ്റ്ററൽ കൗൺസിലിലും മറ്റ് ഔദ്യോഗികമായ വേദികളിലും ചർച്ച നടത്തിയ ശേഷം എല്ലാവരേയും ഇതിന്റെ വിവരങ്ങൾ അറിയിക്കുന്നതാണ്. എങ്കിലും ഇപ്പോൾ മുതൽ നമുക്ക് പ്രാർത്ഥിച്ച് തുടങ്ങാമല്ലോ. ഈ ഒരു കാര്യംകൂടി പ്രിയ വൈദികരുടെയും കുടുംബങ്ങളുടെയും സജീവമായ ശ്രദ്ധയ്ക്ക് സമർപ്പിക്കുന്നു.

**4.** മാർച്ച് മാസം 29 നാണ് വൈദികരുടെ നോമ്പുകാലധ്യാനം നടത്താൻ നാം നിശ്ചയിച്ചിരുന്നത്. എന്നാൽ ഇപ്പോഴത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ ഹർത്താലിന്റെ ഒരു അറിയിപ്പ് ഉള്ളതിനാൽ 29 എന്നുള്ളത് 30-ാം തീയതിയിലേയ്ക്ക് മാറ്റിവയ്ക്കുകയാണ്. അച്ചന്മാർ ഈ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം എന്ന് അപേക്ഷിക്കുന്നു. 30 ന് രാവിലെ ആരംഭിക്കുന്ന ധ്യാനം അന്നുതന്നെ സമാപിക്കുന്നതാണ്. ഈ ഒരു ദിവസത്തെ നമ്മുടെ കൂടിവരവും ധ്യാനവും എല്ലാം നമുക്ക് ഒരു പുതിയ ഊർജ്ജം തരുന്നതിന് കാരണമാവും. നിങ്ങളെ എല്ലാവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. തലേദിവസം താമസസൗകര്യം ആവശ്യമുള്ളവർ ബഹു. വികാരി ജനറാൾ അച്ചനുമായി ബന്ധപ്പെടാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലധ്യാനത്തിന്റെ സമയക്രമീകരണം ചുവടെ ചേർത്തിരിക്കുന്നു.

## TIME TABLE
## LENTEN RECOLLECTION
## 30. 03. 2022 WEDNESDAY

| | |
|---|---|
| 9. 00 am | Arrival –Registration |
| 9. 30 am | Talk 1: **Fr. Jacob Chakkathra** |
| 10.30 am | Coffee Break |
| 10.45am | Talk 2 |
| 11.45am | **Address and Concluding Message : Archbishop** |
| 12.30pm | Noon Prayer and Lunch |
| 1. 30pm | Private Adoration and Confession |
| 3. 30pm | Tea and Departure. |

5. ഈ വർഷം നമ്മുടെ അതിരൂപതയിലെ അഞ്ച് ശെമ്മാശ്ശന്മാർ വൈദികാഭിഷേകത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഡീക്കൻ ചേന്നാട്ട് ജോർജ്ജ്, ആലടി, ഡീ. ഇടത്തുംപടിക്കൽ തോമസ്, ചക്കുപള്ളം, ഡീ. കണ്ണംപ്ലാലിൽ ഡാനിയേൽ, ചിറ്റാർ, ഡീ. കുരിശുമൂട്ടിൽ ചെറിയാൻ, ചുങ്കപ്പാറ, ഡീ, വില്ലോത്ത് ജോസഫ്, ചുങ്കപ്പാറ, എന്നീ ശെമ്മാശ്ശന്മാരാണ് വൈദികപട്ടം സ്വീകരിക്കുന്നത്. നേരത്തെ അറിയിച്ചതുപോലെ ഏപ്രിൽ മാസം 26-ാം തീയതി രാവിലെ 7 മണിക്ക് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് വൈദികാഭിഷേക ശുശ്രൂഷ സമാരംഭിക്കും. ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ നിങ്ങൾ എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ഒന്നിച്ചുചേരാൻ സാധിക്കുന്ന ഒരു സാഹചര്യം ഇപ്പോൾ ഉള്ളതുകൊണ്ട് സാദ്ധ്യമാകുന്നവർ ഈ കൂദാശയിൽ വന്നു സംബന്ധിക്കണം. നവവൈദികരുടെ പ്രഥമ ദിവ്യബലിയുടെ ക്രമീകരണം ഇപ്രകാരമാണ്. 27-ാം തീയതി രാവിലെ 8.30 ന് ചക്കുപള്ളം സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ വച്ച് ബഹു. ഇടത്തുംപടിക്കൽ തോമസ് ശെമ്മാശനും, 9. 30 ന് ആലടി സെന്റ് ജോസഫ് ഇടവകയിൽ വച്ച് ബഹു. ചേന്നാട്ട് ജോർജ്ജ് ശെമ്മാശനും പ്രഥമ ദിവ്യബലികൾ അർപ്പിക്കുന്നു. 28 തീയതി രാവിലെ 7.30 ന് ചുങ്കപ്പാറ സെന്റ് ജോർജ്ജ് ഇടവകയിൽ വച്ച് ബഹു. വില്ലോത്ത് ജോസഫ് ശെമ്മാശനും, 10. 30 ന് ബഹു. ചെറിയാൻ കുരിശുമൂട്ടിൽ ശെമ്മാശനും പ്രഥമ ദിവ്യബലി അർപ്പിക്കുന്നു. 29 ന് രാവിലെ 8.30 ന് ചിറ്റാർ സെന്റ് മേരീസ് ഇടവകയിൽ വച്ച് ബഹു. കണ്ണംപ്ലാലിൽ ഡാനിയേൽ ശെമ്മാശൻ പ്രഥമ ദിവ്യബലി അർപ്പിക്കുന്നു. ഈ വലിയ അനുഗ്രഹശുശ്രൂഷയിൽ നമുക്കും പങ്കുചേരാം. വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ പൗരോഹിത്യശുശ്രൂഷയിലേക്ക് നടന്നടുക്കുന്ന പ്രിയപ്പെട്ട ശെമ്മാശന്മാരെയും അവരെ അതിനായി ഔദാര്യപൂർവ്വം ഒരുക്കിയ മാതാപിതാക്കളേയും നമുക്ക് പ്രാർത്ഥനയിൽ ഓർക്കാം. നവവൈദികരുടെ ജീവിതവും ശുശ്രൂഷയും നമ്മുടെ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹത്തിനും നന്മയ്ക്കുമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ലോകത്തിന്റെ നന്മയ്ക്കും അനുഗ്രഹത്തിനുമായി ജീവിച്ച് നമ്മെ എല്ലാവരേയും അനുഗ്രഹിക്കാൻ അവർക്ക് ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

എല്ലാവർക്കും അനുഗ്രഹീതമായ നോമ്പുകാലവും സമാഗതമാകുന്ന ഉയിർപ്പു തിരുനാൾ മംഗളങ്ങളും നേരുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ്
തിരുവല്ല അതിഭദ്രാസനം.

18. 03. 22
തിരുവല്ല.

---

NB : ഈ സർക്കുലർ അടുത്ത ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.